**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **28-07-2021 - ൽ മറുപടിയ്ക്ക്**

**പേരൂർക്കട മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം പേരൂർക്കട മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കുമോ; | (എ) | നിലവിലുള്ള പ്രോജക്ടുകൾ 1. ജലദൗർലഭ്യം പരിഹരിക്കുവാനുള്ള ജി.എൽ.ആർ ടാങ്ക് നിർമ്മാണവും അനുബന്ധ ജോലികളും. 2) Modern Psychiatric Ward നിർമ്മാണം നാല് കോടി രൂപയുടേത് രണ്ടാം നില കോൺക്രീറ്റ് കഴിഞ്ഞു ബാക്കി നടപടികൾ നടന്നു വരുന്നു. 3) പി.ഡബ്ള്യൂ.ഡിയുടെ നേതൃത്വത്തിൽ വിവിധ വാർഡുകളുടെ അറ്റകുറ്റപണികൾ നടന്നു വരുന്നു. 4) മാസ്റ്റർ പ്ലാനിന്റെ പ്രാഥമിക നടപടികൾ തയ്യാറാക്കുവാൻ KITCOഎന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 5) Half Way Home നിർമ്മാണം Cost Ford എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി പണികൾ ആരംഭഘട്ടത്തിലാണ്. 6) 2020 -2021 സാമ്പത്തിക വർഷത്തിൽ വിവിധ അറ്റകുറ്റപണികൾക്കായി 83 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇവ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള പ്രോജക്ടുകൾ 1. ജലദൗർലഭ്യം പരിഹരിക്കുവാനുള്ള ജി.എൽ.ആർ ടാങ്ക് നിർമ്മാണവും അനുബന്ധ ജോലികളും. 2) Modern Psychiatric Ward നിർമ്മാണം നാല് കോടി രൂപയുടേത് രണ്ടാം നില കോൺക്രീറ്റ് കഴിഞ്ഞു ബാക്കി നടപടികൾ നടന്നു വരുന്നു. 3) പി.ഡബ്ള്യൂ.ഡിയുടെ നേതൃത്വത്തിൽ വിവിധ വാർഡുകളുടെ അറ്റകുറ്റപണികൾ നടന്നു വരുന്നു. 4) മാസ്റ്റർ പ്ലാനിന്റെ പ്രാഥമിക നടപടികൾ തയ്യാറാക്കുവാൻ KITCOഎന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 5) Half Way Home നിർമ്മാണം Cost Ford എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി പണികൾ ആരംഭഘട്ടത്തിലാണ്. 6) 2020 -2021 സാമ്പത്തിക വർഷത്തിൽ വിവിധ അറ്റകുറ്റപണികൾക്കായി 83 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ മാനസികാരോഗ്യ കേന്ദ്രത്തെ കോഴിക്കോട് ഇംഹാൻസ് മാതൃകയിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടായി വികസിപ്പിക്കുന്ന വിഷയം പരിഗണിക്കാമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഈ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സിച്ച് രോഗം ഭേദമായെങ്കിലും ബന്ധുക്കൾ ഏറ്റെടുക്കാത്ത എത്രപേർ ഇപ്പോൾ ഉണ്ട്; ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് പദ്ധതിയാണ് ഉള്ളതെന്ന് വിശദമാക്കുമോ? | (ഡി) | രോഗം ഭേദമായിട്ടും കൊണ്ടു പോകാത്തവരായി മൊത്തം 162 അന്തേവാസികൾ ഉണ്ട്. (മെയിൽ 103, ഫീമെയിൽ 59. ) ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ വെഞ്ഞാറമൂട് കെയർ ഹോം പ്രവർത്തിക്കുന്നു. ചെന്നൈ കേന്ദ്രമായ Baniyan എന്ന സന്നദ്ധ സംഘടന 'ഹോം എവേ' എന്ന പദ്ധതി വഴി രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നവരെ തിരിച്ചെത്തിക്കാൻ സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി 'പ്രത്യാശ' എന്ന പദ്ധതി പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായം ലഭിക്കുന്ന 8 സ്വകാര്യ പുനരധിവാസ കേന്ദ്രങ്ങളും സ്ഥാപനങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നു. മേൽ സ്ഥാപനങ്ങളിൽ താഴെ പറയും പ്രകാരം രോഗം ഭേദമായവരെ പുനരധിവസിപ്പിച്ചിട്ടുണ്ട്. 1) സെന്റ് ഇഗ്നേഷ്യസ് ചാരിറ്റബിൾ വട്ടപ്പാറ - 72 പുരുഷൻമാർ 2) സനാധന റിനീവൽ സെന്റർ മണ്ണുവിളക്കുളത്തൂർ _ 42 പുരുഷൻമാർ 3) എസ്.എച്ച്. ചാരിറ്റിഹോം വിളപ്പിൽശാല - 30 പുരുഷൻമാർ 4) സ്നേഹവീട് നാലാഞ്ചിറ – 125 പുരുഷൻമാർ 5) ധർമ്മ അഭയാകേന്ദ്രം തച്ചോട്ടുകാവ് - 15 പുരുഷൻമാർ, 13 സ്ത്രീകൾ 6) തൃപ്പാദം ചാരിറ്റബിൾ സൊസൈറ്റി, പഴകുറ്റി നെടുമങ്ങാട് _ 75 പുരുഷൻമാർ 7) ശാന്തിമന്ദിരം വേറ്റിനാട്, വട്ടപ്പാറ - 73 പുരുഷൻമാർ 8) മിന്നി ഫാമിലി ഹോം, പേയാട്, തിരുമല - 20 സ്ത്രീകൾ |

സെക്ഷൻ ഓഫീസർ